**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് പ്രസ്തുത വിഭാഗത്തിലെ താഴെത്തട്ടിലുള്ളവർക്ക് കാര്യമായ അറിവില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് പട്ടിക വിഭാഗങ്ങൾക്കും പൊതുസമൂഹത്തിനും അവബോധം നൽകുന്നതിനായി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെ തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രൊമോട്ടർമാർക്ക് പരിശീലനം നൽകുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ ഫീൽഡ്തല പ്രയോജന ക്ഷമത പരിശോധിക്കുന്നതിനും ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. സമൂഹ മാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതികളുടെ വിവരം പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ലഘുലേഖകൾ, ബ്രോഷറുകൾ, കൈപ്പുസ്തകം എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ഊരുകൂട്ടങ്ങളിലും തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം തുടങ്ങിയവയോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. എക്സൈസ്, ആരോഗ്യം, പോലീസ്, |

| | | | |
|---|---|---|---|
| | | | വനം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ സഹായത്തോടെ വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 54 കമ്മിറ്റഡ് സോഷ്യൽ വർക്കർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ അവരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് പട്ടിക വിഭാഗങ്ങൾക്കും പൊതുസമൂഹത്തിനും അവബോധം നൽകുന്നതിനായി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെ തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രൊമോട്ടർമാർക്ക് പരിശീലനം നൽകുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ ഫീൽഡ്തല പ്രയോജന ക്ഷമത പരിശോധിക്കുന്നതിനും ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. സമൂഹ മാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതികളുടെ വിവരം പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ലഘുലേഖകൾ, ബ്രോഷറുകൾ, കൈപ്പുസ്തകം എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ഊരുകൂട്ടങ്ങളിലും തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം തുടങ്ങിയവയോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. എക്സൈസ്, ആരോഗ്യം, പോലീസ്, വനം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ സഹായത്തോടെ വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 54 കമ്മിറ്റഡ് സോഷ്യൽ വർക്കർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | താഴെത്തട്ടിലുള്ളവരുടെ അജ്ഞത മുതലെടുത്ത് മേൽത്തട്ടിലുള്ളവരും ഉദ്യോഗസ്ഥരും ചേർന്ന് | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം അടിയന്തിരമായി |

| | | | |
|---|---|---|---|
| | പദ്ധതി തുക തട്ടിയെടുക്കുന്നതിനെതിരെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; | | ഓൺ ലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനോടൊപ്പം വകുപ്പ്തല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ വർഷവുമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം ചെലവാക്കാത്ത തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി തുക വകമാറ്റി ചെലവഴിച്ചതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വകുപ്പ് തല സ്കീമുകൾക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പിന് കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി വരുന്നുണ്ട്. എന്നാൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ചില ശീർഷകങ്ങളിൽ ഫണ്ട് മുഴുവനായും വിനിയോഗിക്കപ്പെടുന്നില്ല. ഇത് വകുപ്പുതലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വകുപ്പിന്റെ പദ്ധതി തുക വക മാറ്റി ചെലവഴിച്ചതായുള്ള പരാതികൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകകൾ ഒന്നും തന്നെ വക മാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ